# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4520      13.11.2019-ൽ മറുപടിക്ക്

## <u>മൃഗശാലകളുടെ നവീകരണം</u>

**<u>ചോദ്യം</u>**
ശ്രീ.കെ.വി.വിജയദാസ്

**<u>മറുപടി</u>**
ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശം നൽകുമോ ; | (എ) | തിരുവനന്തപുരം മൃഗശാല ആധുനികവത്ക്കരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ 62-ാം ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം 24/01/2013-ൽ ലഭ്യമാകുകയും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവൃത്തികൾ നടത്തിവരുകയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലം, കാട്ടുപോത്തുകൾക്ക് വേണ്ടിയുള്ള വാസസ്ഥലം, അക്വേറിയത്തിന്റെ നവീകരണം, സ്ത്രീ സൗഹാർദ്ദപരമായ, വിശ്രമമുറിയും ചേർന്ന ടോയിലറ്റ് എന്നിവ പൂർത്തീകരിച്ചു. മൃഗശാലാ ഓഫീസിനും, സ്റ്റോറിനുമായി കെട്ടിട സമുച്ചയം, വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, ചിത്രശലഭ പാർക്കിന്റെ നിർമ്മാണം, ഇന്റർപ്രട്ടേഷൻ സെന്ററിന്റെ നിർമ്മാണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂട്ടുകളുടെ നവീകരണം, കടുവകളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, കുരങ്ങ് വർഗ്ഗത്തിൽപ്പെട്ടവയെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം, കൃഷ്ണമൃഗം, പന്നിമാൻ, സിംഹം, ഒട്ടകപ്പക്ഷി എന്നിവയെ പാർപ്പിക്കുന്ന പരിബന്ധനങ്ങളുടെ നവീകരണം എന്നിവ പുരോഗമിച്ചു വരുന്നു.<br>തൃശ്ശൂർ മൃഗശാലയിൽ ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം പൂർത്തീകരിച്ചു. അനാക്കോണ്ട പാമ്പിനുള്ള പരിബന്ധനം, അക്വേറിയത്തിന്റെ നിർമ്മാണം, |

| | | | |
|---|---|---|---|
| | | | സിംഹം, കടുവ, പുള്ളിപ്പുലി, പന്നിമാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ എന്നിവയെ പാർപ്പിക്കുന്ന കൂടുകളുടെ നവീകരണം എന്നിവ പുരോഗമിച്ചു വരുന്നു.<br><br>തിരുവനന്തപുരം മൃഗശാലയിലേക്ക് വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോഡി വെള്ള മയിലുകൾ, രണ്ടു ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൻ, ഒരു ജോഡി കഴുതപ്പുലികൾ, ഒരു ജോഡി ഒട്ടകപ്പക്ഷി, അഞ്ച് ജോഡി വർണ്ണക്കൊക്കുകൾ എന്നിവയെയും ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**